മെസേഴ്സ് നവഗ്രഹ എന്റർ പ്രൈസസ്, റ്റി.സി.15/1648 മിൽജിൽ റോഡ്. തിരുവനന്തപുരം ശ്രീ. കെ.എസ്. നന്ദകുമാർ റ്റി.സി.25/2917 വഞ്ചിയൂർ എന്നിവരാണ്.

(ഡി) അനുബന്ധമായി കൊടുക്കുന്നു.†

(ഇ) മെസേഴ്സ് നവഗ്രഹ എന്റർപ്രൈസസ് 95% എസ്റ്റിമേറ്റിനേക്കാൾ അധിക നിരക്കിലും, ശ്രീ. കെ.എസ്. നന്ദകുമാർ 101% അധിക നിരക്കിലുമാണ് വർക്കുകൾ ഏറ്റെടുത്തത്.

(എഫ്) അത്തരം പ്രത്യേക പഠനത്തിന്റെ ആവശ്യമുണ്ടായിട്ടില്ല.

(ജി) ഹൗസിംഗ് ബോർഡിലെ ഫയൽ നമ്പർ

1. ഡി1/321/95/എച്ച്.ബി. (കോൺട്രാക്ട് 1)
2. ഡി1/321/95/എച്ച്.ബി. (കോൺട്രാക്ട 2)
3. ഡി1/13723/95/149 ഗവൺമെന്റ് ഓർഡർ ജി.ഒ. (എം.എസ്) 48/97/ഹൗസിംഗ് 7.10.1997.

142 (1360) സ്കൂളുകളുടെയും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും അറ്റുകുറ്റപ്പണികൾ

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ സ്കൂളുകളുടെയും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും വാർഷിക അറ്റകുറ്റപ്പണികൾക്കായി 1998-99 വർഷത്തിൽ എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) അനുവദിക്കപ്പെട്ട തുക ബന്ധപ്പെട്ടവർക്ക് കൈമാറിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 27.20 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

143 (1361) കാസർഗോഡ് ജില്ലയിലെ മരാമത്തു പണി കരാറുകാർക്ക് കൊടുക്കാനുള്ള തുക

ശ്രീ. സി.ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ വിവിധ റോഡ്, പാലം, കെട്ടിടം എന്നിവ നിർമ്മിച്ച വകയിൽ എന്തു തുക കുടിശ്ശികയായി കരാറുകാർക്ക് കൊടുത്തു തീർക്കാനുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ നിർമ്മാണ പ്രവൃത്തിക്കും എന്തു തുക കുടിശ്ശിക ഉണ്ടെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly